വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

# വെളിച്ചം റമദാൻ 2026

## വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

## വെളിച്ചം റമദാൻ ഡേ 13 (മാർച്ച് 5)

## സൂറ : യാസീൻ

## ആയത്ത് 71 മുതൽ 83 വരെ

GET IT ON Google Play

Velicham Online

velichamsaudionline.com


സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline

youtube.com/velichamsaudionline

أَوَلَمْ يَرَوْا۟ أَنَّا خَلَقْنَا لَهُم مِّمَّا
عَمِلَتْ أَيْدِينَآ أَنْعَـٰمًا فَهُمْ لَهَا
مَـٰلِكُونَ ﴿٧١﴾

《71》 അവർ കണ്ടില്ലേ, നമ്മുടെ ഹസ്തങ്ങൾ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്ന് അവർക്കുവേണ്ടി നാം കന്നുകാലികളെ സൃഷ്ടിച്ചുകൊടുത്തിട്ടുള്ളത്?! എന്നിട്ട് അവർ അവക്ക് ഉടമസ്ഥൻമാരാകുന്നു.

وَذَلَّلْنَـٰهَا لَهُمْ فَمِنْهَا رَكُوبُهُمْ وَمِنْهَا
يَأْكُلُونَ ﴿٧٢﴾

《72》 അവയെ അവർക്ക് നാം വിധേയമാക്കികൊടുക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ, അവയിൽ അവരുടെ വാഹനങ്ങളുണ്ട്. അവയിൽനിന്ന് തന്നെ അവർ (ഭക്ഷണം) തിന്നുകയും ചെയ്യുന്നു!

وَلَهُمْ فِيهَا مَنَـٰفِعُ وَمَشَارِبُ ۖ أَفَلَا

《73》 അവയിൽ അവർക്ക് പല

*(*) മീർസാഗുലാം അഹ്മദ് ഖാദിയാനി താനൊരു പ്രവാചകനാണെന്ന് വാദിച്ചിരുന്ന ആളാണല്ലോ. എന്നിട്ടും, തന്റെ ചില കൃതികളിൽ കുറെ പരുക്കൻ കവിതകൾ ഉൾക്കൊള്ളുന്നതും, ചിലതിൽ തന്റെ എതിരാളികളെ താനുമായി കവിതാമത്സരത്തിന് വെല്ലുവിളിക്കുന്നതും കാണുമ്പോൾ നമുക്ക് ആശ്ചര്യം തോന്നും. പക്ഷേ, ഒരു സാധാരണക്കാരന്റെ അന്തസ്സിനും, മാന്യതക്കും പോലും നിരക്കാത്ത ചില പ്രസ്താവനകളും, പ്രയോഗങ്ങളും ആ കൃതികളിൽ സാധാരണമാണെന്നോർക്കുമ്പോൾ അതിൽ ആശ്ചര്യപ്പെടുവാനില്ലതാനും.*

يَشۡكُرُونَ ﴿٧٣﴾

ഉപയോഗങ്ങളും, കുടിപ്പാനുള്ള വക [പാനീയം]കളും ഉണ്ട്. എന്നിരിക്കെ, അവർക്ക് നന്ദി കാണിച്ചുകൂടേ?!

---

لَهُمۡ ﴿71﴾ أَوَلَمۡ يَرَوۡا അവർ കണ്ടില്ലേ, കാണുന്നില്ലേ أَنَّا خَلَقۡنَا നാം സൃഷ്ടിച്ചിട്ടുള്ളത് لَهُم
അവർക്കുവേണ്ടി مِّمَّا عَمِلَتۡ പ്രവർത്തിച്ചുണ്ടാക്കിയതിൽനിന്ന് أَيۡدِينَا നമ്മുടെ കൈകൾ
(ഹസ്തങ്ങൾ) أَنۡعَٰمٗا കന്നുകാലികളെ فَهُمۡ എന്നിട്ടവർ لَهَا അവക്ക് مَٰلِكُونَ
ഉടമസ്ഥൻമാരാണ് ﴿72﴾ وَذَلَّلۡنَٰهَا അവയെ നാം വിധേയമാക്കുക (കീഴ്പെടുത്തുക)യും
ചെയ്തു لَهُمۡ അവർക്ക് فَمِنۡهَا അങ്ങനെ അവയിൽ നിന്നുണ്ട് رَكُوبُهُمۡ അവരുടെ വാഹനം
وَمِنۡهَا അതിൽനിന്ന് തന്നെ يَأۡكُلُونَ അവർ തിന്നുന്നു ﴿73﴾ وَلَهُمۡ فِيهَا അതിൽ അവർക്കുണ്ട്
مَنَٰفِعُ പല ഉപയോഗങ്ങൾ وَمَشَارِبُ കുടിക്കാനുള്ള വകയും, പാനീയങ്ങളും أَفَلَا يَشۡكُرُونَ
എന്നിട്ട് അവർ നന്ദി കാണിക്കുന്നില്ലേ, നന്ദി ചെയ്തുകൂടേ

---

കൃഷി വ്യവസായങ്ങളിൽ മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് പലനിലക്കും പങ്കുണ്ട്. എന്നാൽ, ആടുമാടൊട്ടകങ്ങളാകുന്ന കന്നുകാലികളുടെ സൃഷ്ടിയിൽ അവർക്ക് യാതൊരു പങ്കുമില്ല. അവ അല്ലാഹുവിന്റെ മാത്രം പ്രവർത്തനങ്ങളിൽ പെട്ടതാണ്. അതോടുകൂടി മനുഷ്യൻ അവയുടെ ഉടമസ്ഥത വഹിച്ചുകൊണ്ടിരിക്കുകയും, അവയെ വാഹനത്തിനും, ഭക്ഷണത്തിനും, കൃഷിക്കും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അവയിൽനിന്ന് പാൽ, തോൽ, മാംസം, രോമം തുടങ്ങിയവ ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിനെല്ലാം മനുഷ്യൻ അല്ലാഹുവിനോട് നന്ദികാണിക്കേണ്ടതില്ലേ?! നിശ്ചയമായും ഉണ്ട്. പക്ഷേ, മിക്കവരും നന്ദിക്കുപകരം നന്ദികേട് കാണിക്കുകയാണ് ചെയ്യുന്നത്.

وَٱتَّخَذُواْ مِن دُونِ ٱللَّهِ ءَالِهَةٗ لَّعَلَّهُمۡ يُنصَرُونَ ﴿٧٤﴾

﴿74﴾ അല്ലാഹുവിന് പുറമെ അവർ പല ആരാധ്യന്മാരെയും സ്വീകരിച്ചിരിക്കുകയാണ്, അവർ സഹായിക്കപ്പെടുവാൻവേണ്ടി.

لَا يَسۡتَطِيعُونَ نَصۡرَهُمۡ وَهُمۡ لَهُمۡ جُندٞ مُّحۡضَرُونَ ﴿٧٥﴾

﴿75﴾ അവർ [ആരാധ്യൻമാർ]ക്ക് ഇവരെ സഹായിക്കുവാൻ സാധിക്കുകയില്ല; ഇവരാകട്ടെ, അവർക്ക് സന്നദ്ധ സൈന്യവുമാണ്!

فَلَا يَحۡزُنكَ قَوۡلُهُمۡۘ إِنَّا نَعۡلَمُ مَا يُسِرُّونَ وَمَا يُعۡلِنُونَ ﴿٧٦﴾

﴿76﴾ എന്നിരിക്കെ, അവരുടെ വാക്ക് (നബിയേ) നിന്നെ ദുഃഖിപ്പിക്കാതിരുന്നുകൊള്ളട്ടെ. നിശ്ചയമായും, അവർ രഹസ്യമാക്കുന്നതും, പരസ്യമാക്കുന്നതും നാം അറിയുന്നു.



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

آلِهَةً ﴿74﴾ وَاتَّخَذُوا അവർ സ്വീകരിച്ചു, ഉണ്ടാക്കി مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ പല ദൈവങ്ങളെ, ആരാധ്യരെ لَعَلَّهُمْ അവരായേക്കാൻ വേണ്ടി يُنصَرُونَ സഹായിക്കപ്പെടും ﴿75﴾ لَا يَسْتَطِيعُونَ അവർക്ക് സാധിക്കയില്ല نَصْرَهُمْ അവരെ സഹായിക്കാൻ وَهُمْ അവരാകട്ടെ, ഇവർ لَهُمْ അവർക്ക് جُندٌ സൈന്യമാണ് مُّحْضَرُونَ സന്നദ്ധരായ, ഹാജരാക്കപ്പെട്ട ﴿76﴾ فَلَا يَحْزُنكَ ആകയാൽ നിന്നെ വ്യസനിപ്പിക്കാതിരിക്കട്ടെ قَوْلُهُمْ അവരുടെ വാക്ക് إِنَّا نَعْلَمُ നിശ്ചയമായും നാം അറിയുന്നു مَا يُسِرُّونَ അവർ രഹസ്യമാക്കുന്നത് وَمَا يُعْلِنُونَ അവർ പരസ്യമാക്കുന്നതും

---

മേൽ വിവരിച്ചതുപോലെയുള്ള എത്രയോ ദൃഷ്ടാന്തങ്ങൾ അവരുടെ മുമ്പിലുണ്ട്- അവർ ചിന്തിക്കുന്നില്ല. അനേകം അനുഗ്രഹങ്ങൾ അവർ ആസ്വദിക്കുന്നുണ്ട്- അവർ നന്ദി ചെയ്യുന്നില്ല. തങ്ങളെ സഹായിക്കുവാൻ ഒട്ടും തന്നെ കഴിയാത്തവരെ ദൈവങ്ങളായി സ്വീകരിക്കുകയും, അവയുടെ സന്നദ്ധഭടൻമാരെന്നോണം അവക്കുവേണ്ടി വാദിക്കുവാനും, ചെറുക്കുവാനും ഒരുമ്പെട്ടിരിക്കുകയുമാണ് അവർ. അതുകൊണ്ട് കവിയെന്നും കവിതയെന്നും മറ്റും പറഞ്ഞ് ഖുർആനെയും, സത്യപ്രബോധനത്തെയും അവർ നിരസിക്കുന്നതിൽ നബിﷺ വ്യാകുലപ്പെടേണ്ടതില്ല; എല്ലാം അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നുണ്ട്; വേണ്ടത് അവൻ ചെയ്തുകൊള്ളും എന്ന് സാരം. അടുത്ത വചനങ്ങളിൽ മനുഷ്യന് അവന്റെ സ്വന്തം ദേഹങ്ങളിലും മറ്റും അടങ്ങിയിട്ടുള്ള ചില ദൃഷ്ടാന്തങ്ങൾ ഓർമിപ്പിക്കുന്നു:-

أَوَلَمْ يَرَ ٱلْإِنسَٰنُ أَنَّا خَلَقْنَٰهُ مِن نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٧٧﴾

**﴿77﴾ മനുഷ്യൻ കണ്ടറിയുന്നില്ലേ, (ഇന്ദ്രിയബിന്ദുവാകുന്ന) ഒരു തുള്ളിയിൽനിന്നും നാം അവനെ സൃഷ്ടിച്ചിരിക്കുന്നത്?! എന്നിട്ട് അവനതാ സ്പഷ്ടമായ ഒരു എതിരാളിയായിരിക്കുന്നു!**

وَضَرَبَ لَنَا مَثَلًا وَنَسِيَ خَلْقَهُۥ ۖ قَالَ مَن يُحْيِ ٱلْعِظَٰمَ وَهِيَ رَمِيمٌ ﴿٧٨﴾

**﴿78﴾ അവൻ നമുക്കൊരു ഉപമ ഉണ്ടാക്കുകയും, തന്റെ (സ്വന്തം) സൃഷ്ടിപ്പിനെ മറക്കുകയും ചെയ്തു; അവൻ പറയുകയാണ്: 'ആരാണ് (ഈ)അസ്ഥികളെ - അവ ജീർണിച്ചതായിരിക്കെ- ജീവിപ്പിക്കുക'?!**

قُلْ يُحْيِيهَا ٱلَّذِىٓ أَنشَأَهَآ أَوَّلَ مَرَّةٍ ۖ وَهُوَ بِكُلِّ خَلْقٍ عَلِيمٌ ﴿٧٩﴾

**﴿79﴾ പറയുക: ആദ്യത്തെ പ്രാവശ്യം അതിനെ നിർമിച്ചവൻ അവയെ ജീവിപ്പിക്കും; അവൻ എല്ലാ (തരം) സൃഷ്ടിയെക്കുറിച്ചും അറിവുള്ളവനുമാണ്.**

ٱلَّذِى جَعَلَ لَكُم مِّنَ ٱلشَّجَرِ ٱلْأَخْضَرِ نَارًا فَإِذَآ أَنتُم مِّنْهُ تُوقِدُونَ ﴿٨٠﴾

**﴿80﴾ അതായത്, നിങ്ങൾക്ക് പച്ചയായ മരത്തിൽനിന്ന് തീ ഉണ്ടാക്കിത്തന്നവൻ. എന്നിട്ട് നിങ്ങളതാ, അതിൽനിന്നും (തീ) കത്തിച്ചുകൊണ്ടിരിക്കുന്നു!**

---

﴿77﴾ أَوَلَمْ يَرَ കണ്ടില്ലേ الإِنْسَانُ മനുഷ്യൻ أَنَّا خَلَقْنَاهُ നാമവനെ സൃഷ്ടിച്ചത് مِنْ نُطْفَةٍ ഒരു (ഇന്ദ്രിയ)തുള്ളിയിൽനിന്ന് فَإِذَا هُوَ എന്നിട്ട് അവനതാ خَصِيمٌ ഒരു വൈരി (എതിരാളി)യായിരിക്കുന്നു مُبِينٌ സ്പഷ്ടമായ ﴿78﴾ وَضَرَبَ അവനുണ്ടാക്കി (സമർപ്പിച്ചു) لَنَا مَثَلًا നമുക്ക് ഒരു ഉപമ وَنَسِيَ അവൻ മറക്കുകയും ചെയ്തു خَلْقَهُ തന്റെ സൃഷ്ടിപ്പിനെ قَالَ അവൻ പറഞ്ഞു, പറയുന്നു مَنْ يُحْيِي ആർ ജീവിപ്പിക്കും الْعِظَامَ അസ്ഥി (എല്ലു)കളെ وَهِيَ അവ ആയിരിക്കെ رَمِيمٌ തുരുമ്പൽ, ജീർണിച്ചത് ﴿79﴾ قُلْ നീ പറയുക يُحْيِيهَا അവയെ ജീവിപ്പിക്കും الَّذِي أَنْشَأَهَا അവയെ നിർമിച്ചവൻ أَوَّلَ مَرَّةٍ ഒന്നാം പ്രാവശ്യം وَهُوَ അവനാകട്ടെ بِكُلِّ خَلْقٍ എല്ലാ സൃഷ്ടിയെപ്പറ്റിയും عَلِيمٌ അറിയുന്നവനാണ് ﴿80﴾ الَّذِي جَعَلَ ഉണ്ടാക്കിയവൻ لَكُمْ നിങ്ങൾക്ക് مِنَ الشَّجَرِ മരത്തിൽനിന്ന് الأَخْضَرِ പച്ചയായ نَارًا തീ فَإِذَا أَنْتُمْ എന്നിട്ട് നിങ്ങളതാ مِنْهُ അതിൽ നിന്ന്, അതിനാൽ تُوقِدُونَ തീ കത്തിക്കുന്നു

---

സ്വന്തം ഉത്ഭവത്തെക്കുറിച്ചുപോലും വിസ്മരിച്ചുകൊണ്ട് 'ആരാണ് ഈ എല്ലുകളെല്ലാം ജീർണിച്ചു തുരുമ്പലായശേഷം വീണ്ടും ജീവിപ്പിക്കുക' എന്ന് ചോദിക്കുന്ന മനുഷ്യൻ എന്തൊരു ധാർഷ്ട്യമാണ് കാണിക്കുന്നത്?! അവനെ നിസ്സാരമായ ഇന്ദ്രിയബീജത്തിൽനിന്ന് സൃഷ്ടിച്ചു ഈ നിലയിലെത്തിച്ച അല്ലാഹുവിന്റെ പ്രത്യക്ഷ എതിരാളിയല്ലയോ അവൻ?! അവൻ– സഹസൃഷ്ടികളോട് താരതമ്യം ചെയ്തുകൊണ്ട്– അല്ലാഹുവിന് നൽകുന്ന ഉപമ എത്രമേൽ ചീത്തയാണ്?! ആലോചിച്ചുനോക്കുക! ഈ ചോദ്യത്തിനുള്ള മറുപടി വളരെ വ്യക്തമാണ്. അവയെ ആദ്യത്തെ പ്രാവശ്യം ജീവിപ്പിച്ചതാരോ അവൻതന്നെ രണ്ടാമതും ജീവിപ്പിക്കും.' ഒന്നാമതായി സൃഷ്ടിക്കുവാൻ കഴിഞ്ഞ അവന് രണ്ടാമതുണ്ടാക്കുവാൻ കൂടുതൽ എളുപ്പമായിരിക്കുമല്ലോ. മർക്കടമുഷ്ടിയില്ലാത്തവർക്ക് ഈ മറുപടിയെ നേരിടുവാൻ സാധ്യമല്ല തന്നെ.

മരണപ്പെട്ടശേഷം ശരീരാംശങ്ങളിൽ വരുന്ന മാറ്റങ്ങൾ, പരിണാമങ്ങൾ, മണ്ണിലും മറ്റും ലയിച്ചുപോകുന്ന ഭാഗങ്ങൾ, അവയെ രണ്ടാമത് ശേഖരിക്കുന്നവിധം, ശേഖരിച്ച് വീണ്ടും ജീവൻ നൽകുന്നത് എന്നിങ്ങനെയുള്ള കാര്യമെല്ലാം അല്ലാഹുവിന് അറിയും. ശുദ്ധശൂന്യതയിൽനിന്ന് അഖിലാണ്ഡത്തെ സൃഷ്ടിച്ച അവന്നുണ്ടോ ഇതെല്ലാം അജ്ഞാതമാകുന്നു?! അതെ, അവൻ എല്ലാവിധ സൃഷ്ടിയെക്കുറിച്ചും അറിവുള്ളവനാകുന്നു. (وَهُوَ بِكُلِّ خَلْقٍ عَلِيمٌ) ഒരു ഉദാഹരണത്തിൽനിന്ന് ഇത് മനസ്സിലാക്കാം: തീയിന്റെ ഗുണങ്ങളാണല്ലോ ചൂടും, കരിക്കലും. ഇവയുടെ വിപരീതഗുണങ്ങളാണ് വെള്ളത്തിനുള്ളത്. എന്നിരിക്കെ, ജലാംശം നിറഞ്ഞ പച്ച മരങ്ങളിൽനിന്ന് അവൻ തീ ഉൽപാദിപ്പിക്കുന്നു. ഇതിലേറെ ആശ്ചര്യകരമല്ല, ജീർണിച്ചശേഷം മനുഷ്യനെ രണ്ടാമതും ജീവിപ്പിക്കൽ.

പച്ചമരത്തിൽനിന്ന് തീ ഉൽപാദിപ്പിക്കുന്നതിന് വ്യത്യസ്തങ്ങളായ ഉദാഹരണങ്ങൾ കാണുവാൻ കഴിയും. എല്ലാ പച്ചമരങ്ങളും ഉണങ്ങിക്കഴിഞ്ഞാൽ അതിൽ തീ കത്തിക്കുവാൻ സാധിക്കുന്നു. തീക്കല്ലും, ലോഹവും ഉരസി തീയുണ്ടാക്കൽ പരിചയപ്പെടുന്നതിനുമുമ്പ് ചില പ്രത്യേക മരച്ചുള്ളികൾ തമ്മിൽ ഉരസി തീയുണ്ടാക്കുക മുൻകാലത്ത് ഹിജാസിൽ പതിവുണ്ടായിരുന്നു. അതിനായി അറബികൾ കൂടുതൽ ഉപയോഗപ്പെടുത്തിയിരുന്ന രണ്ട് മരങ്ങളാണ് 'മറഖും, അഫാറും' (المرخ ، والعفار). ഓട, മുള മുതലായ ചില മരങ്ങൾ തമ്മിൽ ഉരസി തീയെടുക്കുന്ന സമ്പ്രദായം ഇന്നും മലവാസികൾക്കിടയിൽ നടപ്പുള്ളതാണ്. നീർപച്ചയുള്ള മരത്തിൽ വൈദ്യുതപ്രവാഹം ഏൽക്കുമ്പോൾ തീയുണ്ടാകുന്നു. അതേസമയത്ത് ഉണങ്ങിയ മരത്തിൽ ഏൽക്കുമ്പോൾ ഉണ്ടാകുന്നുമില്ല. കൂടാതെ, ജലാംശം കലർന്നതും, നീരായതുമായ പല വസ്തുക്കളിലും വേഗം തീ ബാധിക്കാറുള്ളതും, ചില അംഗാരാമ്ലപദാർത്ഥങ്ങൾ വെള്ളം തട്ടുമ്പോൾ തീ പിടിക്കുന്നതും കാണാം. പരസ്പരവിരുദ്ധങ്ങളായ രണ്ട് വസ്തുക്കൾ തമ്മിൽ സ്പർശിക്കുമ്പോഴുണ്ടാകുന്ന ആ തീ അതുവരെ എവിടെയായിരുന്നുവെന്നും, തീ പൊലിഞ്ഞുപോകുമ്പോൾ അതെവിടെ പോകുന്നുവെന്നും ആലോചിച്ചുനോക്കുക!

أَوَلَيْسَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِقَـٰدِرٍ عَلَىٰٓ أَن يَخْلُقَ مِثْلَهُم ۚ

**﴾81﴿ ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചിട്ടുള്ളവൻ, അവരെപ്പോലെയുള്ളതിനെ സൃഷ്ടിക്കുവാനും കഴിവുള്ളവനല്ലയോ?!**

بَلَىٰ وَهُوَ ٱلْخَلَّـٰقُ ٱلْعَلِيمُ ﴿٨١﴾

**അല്ലാതെ! (കഴിവുള്ളവൻതന്നെ). അവൻ തന്നെയാണ് സർവ്വജ്ഞനായ മഹാസ്രഷ്ടാവ്.**

إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ ﴿٨٢﴾

**﴾82﴿ നിശ്ചയമായും അവന്റെ കാര്യം, അവൻ ഒരു വസ്തു (അഥവാ കാര്യം) ഉദ്ദേശിച്ചാൽ, അതിനെക്കുറിച്ച് 'ഉണ്ടാവുക' എന്ന് പറയുകയേ വേണ്ടൂ- അപ്പോഴത് ഉണ്ടാകുന്നതാണ്.**

---

﴾81﴿ أَوَلَيْسَ الَّذِي യാതൊരുവനല്ലേ خَلَقَ السَّمَاوَاتِ ആകാശങ്ങളെ സൃഷ്ടിച്ച وَالأَرْضَ ഭൂമിയെയും بِقَادِرٍ കഴിവുള്ളവൻ عَلَىٰٓ أَنْ يَخْلُقَ താൻ സൃഷ്ടിക്കുവാൻ مِثْلَهُمْ അവരെപ്പോലുള്ളതിനെ بَلَى അല്ലാതെ, (അതെ) وَهُوَ അവനത്രെ, അവൻതന്നെ الْخَلاَّقُ മഹാസ്രഷ്ടാവും (വലിയ സ്രഷ്ടാവ്) الْعَلِيمُ സർവ്വജ്ഞനായ ﴾82﴿ إِنَّمَا أَمْرُهُ നിശ്ചയമായും അവന്റെ കാര്യം إِذَا أَرَادَ അവൻ ഉദ്ദേശിച്ചാൽ شَيْئًا ഒരു കാര്യം (വസ്തു) أَنْ يَقُولَ അവൻ പറയുക മാത്രമാണ് لَهُ അതിനെക്കുറിച്ച് كُنْ ഉണ്ടാകുക എന്ന് فَيَكُونُ അപ്പോഴത് ഉണ്ടാകും



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

പല ഉദാഹരണങ്ങളും ദൃഷ്ടാന്തങ്ങളും വഴി, പുനരുത്ഥാന നിഷേധികളുടെ വാദത്തെ ഖണ്ഡിച്ചശേഷം, അതിനെക്കാളെല്ലാം ഉപരിയായ മറ്റൊരു യാഥാർത്ഥ്യം– യാഥാർത്ഥ്യങ്ങളിൽ വെച്ച് ഏറ്റവും മഹത്തായ യാഥാർത്ഥ്യം– എടുത്തുകാട്ടിക്കൊണ്ട് ആ വാദത്തിന്റെ അങ്ങേഅറ്റത്തെ മൗഢ്യതയും, നികൃഷ്ടതയും അല്ലാഹു സ്ഥാപിക്കുന്നു. ഈ അഖിലാണ്ഡത്തിന്റെ മുഴുവനും സ്രഷ്ടാവും നിയന്താവുമാണവൻ. ഏതൊരുകാര്യവും– അതെത്ര വമ്പിച്ചതാവട്ടെ– ഉണ്ടാവണമെന്ന് അവൻ ഉദ്ദേശിക്കുമ്പോഴേക്കും അത് അസ്തിത്വം കൊള്ളുന്നു. അപ്പോൾ, നിസ്സാരനായ മനുഷ്യനെപ്പോലുള്ളവരെ ഒന്നാമത് ജീവിപ്പിക്കുവാനോ രണ്ടാമത് ജീവിപ്പിക്കുവാനോ അവന് സാധിക്കുകയില്ലെന്ന് കരുതുന്നവനെക്കാൾ വിഡ്ഢിയും, നികൃഷ്ടനും മറ്റാരാണ്?!

فَسُبْحَـٰنَ ٱلَّذِى بِيَدِهِۦ مَلَكُوتُ كُلِّ شَىْءٍ وَإِلَيْهِ تُرْجَعُونَ ﴿٨٣﴾

**﴾83﴿ അപ്പോൾ, എല്ലാ വസ്തുവിന്റെയും, രാജാധിപത്യം യാതൊരുവന്റെ കൈവശമാണോ അവൻ, മഹാ പരിശുദ്ധനത്രെ! അവങ്കലേക്കുതന്നെ, നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.**

---

﴾83﴿ فَسُبْحَانَ الَّذِي അപ്പോൾ യാതൊരുവൻ മഹാ പരിശുദ്ധൻ, യാതൊരുവന്ന് കീർത്തനം بِيَدِهِ അവന്റെ കയ്‌വശമാണ് مَلَكُوتُ രാജാധികാരം, രാജാധിപത്യം كُلِّ شَيْءٍ എല്ലാ വസ്തുവിന്റെയും وَإِلَيْهِ അവങ്കലേക്കുതന്നെ تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു

---

ഈ സൂറത്തിൽ ഇതുവരെയുള്ള സൂക്തങ്ങളിൽ പ്രതിപാദിച്ച തത്വങ്ങളുടെ രത്നസാരമാണ് ഈ ചെറിയ സമാപന സൂക്തം ഉൾക്കൊള്ളുന്നത്. അതെ, എല്ലാ വസ്തുക്കളുടെയും ഉടമസ്ഥതയും, കൈകാര്യകർത്തൃത്വവും അല്ലാഹുവിന്നുള്ളതാണ്; അവിശ്വാസികളും നിഷേധികളും ജൽപിക്കുന്ന എല്ലാ ജൽപനങ്ങളടക്കമുള്ള സകലവിധ പോരായ്മയിൽ നിന്നും അവൻ എത്രയോ പരിശുദ്ധനാണ്; എല്ലാവരും അവങ്കലേക്ക് തിരിച്ചു ചെല്ലുകയും അവന്റെ രക്ഷാശിക്ഷകൾക്ക് വിധേയരാകുകയും ചെയ്യും. ഈ മൂന്ന് യാഥാർത്ഥ്യങ്ങളിലുള്ള ബോധവും വിശ്വാസവുമാണ് മനുഷ്യനെ അങ്ങേഅറ്റം ഉത്തമനും ഉൽകൃഷ്ടനുമാക്കുന്നത്. അവയിലുള്ള അവിശ്വാസവും ബോധമില്ലായ്മയുമാണ് അവനെ ഇങ്ങേഅറ്റം അധമനും നികൃഷ്ടനുമാക്കുന്നതും.

രണ്ടുമൂന്ന് ദശവത്സരങ്ങൾക്ക് മുമ്പത്തെ ശാസ്ത്രീയാഭിപ്രായമനുസരിച്ച് ഈ അഖിലാണ്ഡത്തിന്റെ ഏകദേശ വിസ്തൃതി ഇപ്രകാരം കണക്കാക്കപ്പെട്ടിരിക്കുന്നു: ഒരു മിടിയിട (സെക്കന്റ്) കൊണ്ട് 1, 86,000 നാഴിക വേഗതയിൽ സഞ്ചരിക്കുന്ന പ്രകാശം, അതിന്റെ ഒരു വശത്തുനിന്ന് മറുവശത്തേക്ക് മദ്ധ്യബിന്ദുവിലൂടെ നേർക്കുനേരെ എത്തിച്ചേരുവാൻ പത്തുകോടികൊല്ലം വേണ്ടിവരും. ഈ കണക്ക് കൃത്യവും ശരിയുമാണെന്ന് പറഞ്ഞുകൂടാ. മനുഷ്യന്റെ നിരീക്ഷണ കഴിവുകൾ എത്ര സമർത്ഥമായിരുന്നാലും ശരി, അവന്റെ ഗോളാന്തരയാത്രകൾ എത്ര വിജയകരമായിത്തീർന്നാലും ശരി അഖിലാണ്ഡത്തിന്റെ സൂക്ഷ്മമായ കണക്കും കയ്യും അവന്ന് കണ്ടുപിടിക്കുവാൻ കഴിയുമെന്ന് വിചാരിക്കാൻ സാധ്യമല്ല. ഒരു കാലത്ത് മനുഷ്യൻ അവയെല്ലാം ചുറ്റി സഞ്ചരിക്കുമെന്ന് ഊഹിക്കുവാനും സാധ്യമല്ല. മേൽകണ്ട കണക്ക് ഏറെക്കുറെ ശരിയാണെന്ന് വെക്കുക: എന്നാൽ തന്നെയും, അതിലടങ്ങുന്ന വാനങ്ങൾ, അവയിലെ കോടാനുകോടി നക്ഷത്രങ്ങൾ, നിര

വധി സൗരയൂഥങ്ങൾ, ഓരോന്നിന്റെയും ഉപഗ്രഹങ്ങൾ ആദിയായവയും, ഭൂമി, അതിലെ സമുദ്രങ്ങൾ, പർവ്വതങ്ങൾ ആദിയായവയും, മലക്കുകൾ, മനുഷ്യർ തുടങ്ങിയ ജീവികളും, നമുക്ക് കാണുവാനോ കേൾക്കുവാനോ ഊഹിക്കുവാനോ കഴിയാത്ത മറ്റെല്ലാ വസ്തുക്കളും അടങ്ങുന്ന ലോകാലോകമൊട്ടുക്കും ഈവിധം സൃഷ്ടിച്ച് ഓരോന്നിനും അതതിന്റെ ക്രമവും വ്യവസ്ഥയും നല്കി നിയന്ത്രിച്ച് നിലനിറുത്തിപ്പോരുന്ന രാജാധിരാജന്റെ രാജാധിപത്യം, ഹാ! എത്ര മഹനീയം!! എത്ര വിസ്തൃതം!!! فَسُبْحَانَ الَّذِي بِيَدِهِ مَلَكُوتُ كُلِّ شَيْءٍ وَإِلَيْهِ تُرْجَعُونَ

﴿والحمد لله اولا واخرا وله الفضل والمنة﴾

വ്യാഖ്യാനക്കുറിപ്പ്:

# ക്വബ്റിലെ സ്ഥിതിഗതികൾ

## (احوال القبر)

മനുഷ്യൻ ക്വബ്റിൽവെച്ച്- മരണപ്പെട്ടതിന് ശേഷം പുനരുത്ഥാനത്തിന് മുമ്പുള്ള കാലഘട്ടത്തിൽ- സുഖദുഃഖങ്ങളൊന്നും കൂടാതെ കേവലം തനി നിദ്രയിലായിരിക്കുക യല്ല ചെയ്യുന്നതെന്നും, നേരെമറിച്ച് നല്ലവനാണെങ്കിൽ അവന് സുഖസന്തോഷങ്ങളു ടെയും, ചീത്തപ്പെട്ടവനാണെങ്കിൽ അവന് ഭയദുഃഖങ്ങളുടെയും അനുഭവങ്ങൾ പലതും അനുഭവപ്പെട്ടുകൊണ്ടിരിക്കുമെന്നും ചില ക്വുർആൻ വാക്യങ്ങൾകൊണ്ടും, അനേകം ഹദീഥുകൾകൊണ്ടും സ്ഥിരപ്പെട്ടിട്ടുള്ളതാണ്. മുസ്‌ലിംകൾ പൊതുവിൽ അങ്ങനെ വിശ്വ സിക്കുകയും ചെയ്യുന്നു. ഭൗതികകാഴ്ചപ്പാടിന്നപ്പുറമുള്ള യാഥാർത്ഥ്യങ്ങളെക്കുറിച്ച് പ്രതി പാദിക്കുന്ന ക്വുർആൻ വാക്യങ്ങളെല്ലാം തങ്ങളുടെ യുക്തിവാദങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കുകയും, പ്രസ്തുത വ്യാഖ്യാനത്തിന് നിരക്കാത്ത ഹദീഥുകളെല്ലാം പുറം തള്ളുകയും പതിവുള്ളവർക്ക് മാത്രമേ- മുസ്‌ലിംകളുടെ കൂട്ടത്തിൽ- ഇതിൽ ഭിന്നാഭി പ്രായമുള്ളൂ. ഈ വിഷയകമായി ക്വുർആനിലും ഹദീഥിലും വന്നിട്ടുള്ളതിന്റെ ചുരുക്കം എന്താണെന്നും, അതിൽ ബുദ്ധിക്കോ, ക്വുർആന്റെ മറ്റേതെങ്കിലും പ്രസ്താവനകൾക്കോ വിരുദ്ധമായി വല്ലതും ഉണ്ടോ എന്നും പരിശോധിക്കുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം. والله الموفق

കുറ്റവാളികളായ ആളുകൾ മരണവേളയിൽ, തങ്ങളെ ഐഹികജീവിതത്തിലേക്ക് ഒന്നുകൂടി മടക്കിത്തരേണമെന്ന് അപേക്ഷിക്കുമെന്നും, ആ അപേക്ഷ ഗൗനിക്കപ്പെടുക യില്ലെന്നും പ്രസ്താവിച്ചുകൊണ്ട് സൂ: മുഅ്മിനൂൻ 100-ാം വചനത്തിൽ അല്ലാഹു പറ യുന്നു: وَمِن وَرَآئِهِم بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ (അവരുടെ അപ്പുറം അവർ ഉയിർത്തെഴു ന്നേൽപിക്കപ്പെടുന്ന ദിവസംവരേക്കും ഒരു 'ബർസഖ്'ഉണ്ട്.) തുടർന്നുകൊണ്ട് ക്വിയാമ ത്ത്നാളിൽ അവരുടെ നില എന്തായിരിക്കുമെന്നും പ്രസ്താവിക്കുന്നു. 'ബർസഖ്' (بَرْزَخٌ) എന്ന വാക്കിന് 'രണ്ട് വസ്തുക്കൾക്കിടയിലുണ്ടാകുന്ന മറ- അല്ലെങ്കിൽ- തടസ്സം' (الحاجز بين الشيئين) എന്നത്രെ ഭാഷാർത്ഥം. ഈ അർത്ഥം പരിഗണിച്ചുകൊണ്ടാണ് യവ നിക, കടലിടുക്ക്' മുതലായവക്ക് ആ വാക്ക് ഉപയോഗിക്കപ്പെടുന്നത്. ഇതേ അർത്ഥ ത്തിൽ തന്നെയാണ് സൂ: ഫുർക്വാനിൽ وَجَعَلَ بَيْنَهُمَا بَرْزَخًا (രണ്ട് സമുദ്രത്തിനുമിട യിൽ അവൻ ഒരു മറ ഏർപ്പെടുത്തിയിരിക്കുന്നു) എന്നും സൂ: റഹ്മാനിൽ بَيْنَهُمَا بَرْزَخٌ (രണ്ടിനുമിടയിൽ ഒരു മറയുണ്ട്) എന്നും പറഞ്ഞത്.

മരണത്തിനും ക്വിയാമത്തുനാളിനും ഇടയ്ക്കുള്ള കാലത്തെ– മരണത്തോടുകൂടി അവസാനിക്കുന്ന ഐഹികജീവിതത്തിനും പുനരുത്ഥാനത്തോടുകൂടി ആരംഭിക്കുന്ന പാരത്രിക ജീവിതത്തിനും മദ്ധ്യെയുള്ള കാലഘട്ടത്തെ– ഉദ്ദേശിച്ചാണ് മേലുദ്ധരിച്ച ആയത്തിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതെന്ന് സ്പഷ്ടമാകുന്നു. ആ വാക്കിന് പല മഹാൻമാരും നൽകിയിട്ടുള്ള നിർവ്വചനങ്ങൾ ഇമാം ഇബ്നു ജരീർ, ഇബ്നു കഥീർ (റ) മുതലായവർ അവരുടെ തഫ്സീറുകളിൽ ഉദ്ധരിച്ചുകാണാം. വാക്കുകളിൽ വ്യത്യാസം കാണുമെങ്കിലും ഉദ്ദേശ്യത്തിൽ പരസ്പരം യോജിക്കുന്ന ആ ഉദ്ധരണികളുടെ സാരം ഇതാണ്: 'ദുൻയാ'വിന്റെയും 'ആഖിറ'ത്തിന്റെയും ഇടക്കാലത്തെ മറയാണ് 'ബർസഖ്', അതായത്, ദുൻയാവിലെപ്പോലെ ഭക്ഷണപാനീയങ്ങളും മറ്റും കൂടാതെയും, ആഖിറത്തിലെപ്പോലെ കർമങ്ങളുടെ പ്രതിഫലം ലഭിച്ച് കഴിയാതെയും ഇരിക്കുന്ന അവസ്ഥ'. *(*)*

തഫ്സീർ ഗ്രന്ഥങ്ങളിൽ മാത്രമല്ല, പ്രധാന അറബി നിഘണ്ടുക്കളിലും 'ബർസഖി'നു ഈ അർത്ഥം കൽപിച്ചു കാണാം. 'ക്വാമൂസി'ലെ വാചകം **البرزخ الحاجز بين الشيئين ومن وقت الموت الى القيمة ومن مات دخله** ('ബർസഖ്' എന്നാൽ, രണ്ട് വസ്തുക്കൾക്കിടയിലുള്ള മറയും, മരണസമയം മുതൽ ക്വിയാമത്തുനാൾ വരെയുമാകുന്നു. ആർ മരണപ്പെട്ടുവോ അവൻ അതിൽ പ്രവേശിക്കുന്നു) എന്നാണ്. 'ലിസാനുൽ അറബി' (**لِسَانُ العَرَب**)ൽ ഇങ്ങനെയാണ്: **البرزخ ما بين الدنيا والاخرة قبل الحشر من وقت الموت الى البعث فمن مات فقد دخل البرزخ** *(**)* ('ബർസഖ്' എന്നാൽ, ഇഹലോകത്തിനും പരലോകത്തിനുമിടക്ക്– 'ഹശ്റി'ന്റെ മുമ്പ് *(***)*– മരണസമയം മുതൽ പുനരുത്ഥാനം വരെയുള്ള കാലമാകുന്നു. അപ്പോൾ ആർ മരിച്ചുവോ അവൻ ബർസഖിൽ പ്രവേശിച്ചു). പരലോകത്തിനും ഇഹലോകത്തിനും ഇടയ്ക്ക് രണ്ടിൽനിന്നും കേവലം വ്യത്യസ്തമായ ഒരു ലോകം സ്ഥിതിചെയ്യുന്നുണ്ടെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നു. എനി, ഈ അദൃശ്യലോകത്തുവെച്ച് നടക്കുന്ന ചില സ്ഥിതികളെക്കുറിച്ച് മനസ്സിലാക്കാം:–

ഫിർഔന്റെയും അവന്റെ ആൾക്കാരെയും സമുദ്രത്തിൽ മുക്കിനശിപ്പിച്ചതിനെപ്പറ്റി പറഞ്ഞശേഷം, സൂറത്തുൽ മുഅ്മിൻ (ഗാഫിർ) 46 ൽ അല്ലാഹു പറയുന്നു: **النَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا** (അവർ രാവിലെയും വൈകുന്നേരവും നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്നു.) ഈ പ്രദർശിപ്പിക്കൽ ക്വിയാമത്തുനാളിലെ സംഭവമായിട്ടല്ല പറഞ്ഞിരിക്കുന്നത്.കാരണം, അതേ ആയത്തിൽതന്നെ തുടർന്നുകൊണ്ട് ഇപ്രകാരം പറയുന്നു: 'അന്ത്യനാൾ, സംഭവിക്കുമ്പോൾ, ഫിർഔന്റെ ആൾക്കാരെ അതികഠിനമായ ശിക്ഷയിൽ പ്രവേശിപ്പിക്കുവിൻ എന്ന് കൽപനയുണ്ടാകും.' **وَيَوْمَ تَقُومُ السَّاعَةُ أَدْخِلُوا آلَ فِرْعَوْنَ أَشَدَّ الْعَذَابِ** അപ്പോൾ, സമുദ്രത്തിൽ മുങ്ങിനശിച്ചതിനുശേഷം ക്വിയാമത്തുനാളിനുമുമ്പായി ഫിർഔന്റെ ആൾക്കാർക്ക് ചില പ്രത്യേക ശിക്ഷാനുഭവങ്ങൾ ഉണ്ടെന്നും, അത് അവരുടെ പ്രവർത്തനങ്ങളുടെ യഥാർത്ഥ പ്രതിഫലമാകുന്ന നരകശിക്ഷയല്ലെന്നും ഇതിൽനിന്ന് വ്യക്തമാണ്. ഈ വാസ്തവം നബിﷺഒരു ഹദീഥിൽ കൂടുതൽ വ്യക്ത

***(*) ഖബ്റുകളിൽവെച്ച് അനുഭവപ്പെടുന്ന സുഖദുഃഖങ്ങൾ ഒരു തരത്തിൽ കർമഫലം തന്നെയാണെങ്കിലും, കർമങ്ങളുടെ യഥാർത്ഥ ഫലമല്ല അവ. ഇതിനെപ്പറ്റി താഴെ വിവരിക്കുന്നുണ്ട്.***

*(**)* **كما في مجلة الحج الجزء ٢ – السنة ٢٣ (٢٠ شعبان ٨٨ هـ)**

***(***) വിചാരണക്കായി ഒരുമിച്ചുകൂട്ടുന്നതിന്മുമ്പ്.***

മായി പ്രസ്താവിച്ചിരിക്കുന്നത് കാണുക:

നബിﷺ പ്രസ്താവിച്ചതായി ഇബ്നുഉമർ (റ) ഉദ്ധരിക്കുന്നു: 'നിങ്ങൾ ഒരാൾ മരണപ്പെട്ടാൽ, രാവിലെയും വൈകുന്നേരവും അവന്റെ ഇരിപ്പിടം- വാസസ്ഥലം- അവന് പ്രദർശിപ്പിക്കപ്പെടും. അവൻ സ്വർഗക്കാരനാണെങ്കിൽ സ്വർഗക്കാരിൽനിന്നും, അവൻ നരകക്കാരനാണെങ്കിൽ നരകക്കാരിൽനിന്നുമായിരിക്കും പ്രദർശിപ്പിക്കപ്പെടുക. 'ക്വിയാമത്തുനാളിൽ അല്ലാഹു നിന്നെ എഴുന്നേൽപിക്കുന്നതുവരേക്കും നിന്റെ ഇരിപ്പിടം ഇതാണ് എന്ന് അവനോട് പറയപ്പെടുകയും ചെയ്യും.' (ബു; മു.)

ക്വബ്റുകളിൽവെച്ച് അനുഭവപ്പെടുന്ന പല സ്ഥിതിഗതികളെക്കുറിച്ചും പ്രസ്താവിച്ചിട്ടുള്ള ധാരാളം ഹദീഥുകൾ ഉദ്ധരിക്കുവാനുണ്ട്. ഉദാഹരണത്തിനുമാത്രം ചിലത് ഇവിടെ ഉദ്ധരിക്കാം:

1) നബി ﷺ പറഞ്ഞതായി അനസ് (റ) ഉദ്ധരിക്കുന്നു: 'മനുഷ്യൻ ക്വബ്റിൽ വെക്കപ്പെടുകയും, അവന്റെ ആൾക്കാർ തിരിഞ്ഞുപോകുകയും ചെയ്താൽ- അവരുടെ ചെരുപ്പിന്റെ ശബ്ദം അവൻ കേൾക്കുന്നുണ്ടായിരിക്കും (അത് അടുത്ത സമയം) -അവന്റെ അടുക്കൽ രണ്ട് മലക്കുകൾ വരും. അവർ അവനെ ഇരുത്തി അവനോട് ചോദിക്കും: 'ഈ മനുഷ്യനെ- അതായത്, മുഹമ്മദിനെ- ക്കുറിച്ച് നീ എന്ത് പറഞ്ഞിരുന്നു?' അപ്പോൾ സത്യവിശ്വാസി പറയും: 'അദ്ദേഹം അല്ലാഹുവിന്റെ അടിയാനും റസൂലുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു' അവനോട് പറയപ്പെടും: 'നരകത്തിൽ നിന്ന് നിനക്കുള്ള (നിനക്ക് ഉണ്ടാകുമായിരുന്ന) ഇരിപ്പിടത്തിലേക്ക് നോക്കൂ! ഇതാ, അല്ലാഹു നിനക്ക് അതിനുപകരം സ്വർഗത്തിൽനിന്ന് ഇരിപ്പിടം തന്നിരിക്കുന്നു.' അങ്ങനെ, അവൻ അത് രണ്ടും (സ്വർഗത്തിലെയും നരകത്തിലെയും ഇരിപ്പിടങ്ങൾ) കാണും. എന്നാൽ, കപടവിശ്വാസിയും അവിശ്വാസിയുമാകട്ടെ, അവനോട് ചോദിക്കപ്പെടും: 'നീ ഈ മനുഷ്യനെപ്പറ്റി എന്ത് പറഞ്ഞിരുന്നു?' അവൻ പറയും: 'എനിക്കറിഞ്ഞുകൂടാ! ആളുകൾ പറയുംപ്രകാരം ഞാനും പറഞ്ഞിരുന്നു.' അവനോട് പറയപ്പെടും: 'നീ അറിഞ്ഞതുമില്ല, പിൻപറ്റിയതുമില്ല.' അവൻ ഇരുമ്പിന്റെ ചുറ്റികകളാൽ അടിക്കപ്പെടും. അവൻ വമ്പിച്ച അട്ടഹാസം അട്ടഹസിക്കും ഇരുസമുദായങ്ങൾ (മനുഷ്യരും ജിന്നുകളും) അല്ലാത്തവരെല്ലാം അത് കേൾക്കുന്നതാണ്. (ബു; മു.)

(2, 3) നബിﷺ പറഞ്ഞതായി അബൂഹുറയ്റഃ (റ) പറയുന്നു: 'നിങ്ങളൊരാൾ (നമസ്കാരത്തിൽ) അവസാനത്തെ 'തശഹ്-ഹുദി'ൽ ('അത്തഹിയ്യാത്തി')ൽ നിന്ന് വിരമിച്ചാൽ, അവൻ നാല് കാര്യങ്ങളെക്കുറിച്ച് അല്ലാഹുവിനോട് രക്ഷ തേടിക്കൊള്ളട്ടെ; നരകശിക്ഷയിൽ നിന്നും, ക്വബ്ർ ശിക്ഷയിൽനിന്നും, ജീവിതത്തിന്റെയും മരണത്തിന്റെയും കുഴപ്പത്തിൽ നിന്നും, ദജ്ജാലിന്റെ കെടുതിയിൽ നിന്നും.' (മു.) നബിﷺ നമസ്കാരത്തിൽ اَللّٰهُمَّ اِنِى اَعُوذُبِكَ مِن عَذَابِ القَبرِ الخ (അല്ലാഹുവേ, നിന്നോട് ഞാൻ ക്വബ്റിലെ ശിക്ഷയിൽനിന്ന് രക്ഷതേടുന്നു) എന്ന് തുടങ്ങിയ പ്രാർത്ഥന ചെയ്യാറുണ്ടായിരുന്നതായി ആഇശഃ (റ) നിവേദനം ചെയ്യുന്നു. (ബു; മു.) ഇതനുസരിച്ചാണ് മുസ്ലിംകൾ ഈ ദുആ അത്തഹിയ്യാത്തിൽ നിത്യവും ചൊല്ലിവരുന്നതും. ***(*)*** ക്വബ്റുകളിൽ വെച്ച് സജ്ജനങ്ങൾക്ക് സുഖപ്രദമായ ചില അനുഭവങ്ങളും, ദുർജ്ജനങ്ങൾക്ക് ശിക്ഷാമയമായ ചില അനുഭവങ്ങളും ഉണ്ടാകുമെന്ന് ഇപ്പോൾ ക്വുർആൻകൊണ്ടും ഹദീഥുകൊണ്ടും ശരിക്കും വ്യക്തമായല്ലോ. വിശദീകരണത്തിന് ഇവിടെ ഉദ്ദേശിക്കുന്നില്ല.

***(*) എന്നാൽ, ക്വബ്റിലെ ശിക്ഷയെ നിഷേധിക്കുന്നവരിൽ ചിലർപോലും-*** ▶▶

ഓരോരുവനും ചെയ്ത കർമങ്ങളുടെ പ്രതിഫലം അനുഭവിക്കുന്നത് അവരവരുടെ വിചാരണ കഴിഞ്ഞശേഷം സ്വർഗത്തിലോ നരകത്തിലോ പ്രവേശിക്കുന്നതുമുതൽക്കാണല്ലോ. എന്നിരിക്കെ, ഖബ്‌റുകളിൽവെച്ച് ശിക്ഷ അനുഭവിക്കുന്നതിന്റെ ന്യായം എന്താണ്? എന്നിങ്ങനെ വല്ലവരും സംശയിച്ചേക്കാം. വാസ്തവത്തിൽ പരലോകത്തുവെച്ച് നൽകപ്പെടുന്ന രക്ഷാശിക്ഷകൾതന്നെയാണ് കർമങ്ങളുടെ യഥാർഥ പ്രതിഫലങ്ങൾ. അതിനുമുമ്പുണ്ടാകുന്ന സുഖദുഃഖങ്ങളെല്ലാം ഓരോരുത്തന്റെയും കർമങ്ങൾക്കനുസരിച്ച് അവരവരിൽ പ്രത്യക്ഷപ്പെടുന്ന ചില അനന്തരഫലങ്ങൾ മാത്രമാകുന്നു. ഒരു ഉദാഹരണം മൂലം ഇത് മനസ്സിലാക്കാം. ഒരു കൊലക്കേസിൽ പിടിക്കപ്പെട്ട പ്രതികുറ്റക്കാരനാണെന്ന് കോടതി വിധിച്ചശേഷമേ അവന് കൊലക്കുറ്റത്തിന് നിയമപ്രകാരമുള്ള യഥാർഥ പ്രതിഫലം അഥവാ ശിക്ഷ–നൽകപ്പെടാറുള്ളൂ. എങ്കിലും, പ്രഥമ വീക്ഷണത്തിൽ അവന്റെമേൽ കൊലക്കുറ്റം ചുമത്തപ്പെട്ടത് മുതൽ –അവൻ കുറ്റക്കാരനാണെന്നോ അല്ലെന്നോ കോടതി തീരുമാനിക്കുന്നതുവരെയുള്ള ഇടക്കാലത്ത്– അവൻ ഒരു കൊലയാളിയെപ്പോലെ ഗണിക്കപ്പെടുകയും, കുറ്റക്കാരനെന്ന നിലക്ക് അവനോട് പെരുമാറപ്പെടുകയും ചെയ്യുമല്ലോ. പ്രത്യക്ഷത്തിൽ അവനൊരു കൊലയാളിയാണെന്നതാണ് ഇതിന് കാരണം. എന്നാൽ, ഇവിടെ ഒരു വ്യത്യാസമുണ്ട്. ഒരു കൊലക്കുറ്റം ചുമത്തപ്പെട്ട ആൾ ഒരുപക്ഷേ നിരപരാധിയാണെന്നായിരിക്കും കോടതിയുടെ വിധി. അതോടുകൂടി അവൻ വിട്ടയക്കപ്പെടുകയും ചെയ്യും. മരണപ്പെട്ടവരുടെ കാര്യം അങ്ങനെയല്ല. യഥാർഥത്തിൽ കുറ്റവാളികൾക്ക് മാത്രമേ ശിക്ഷാപരമായ അനുഭവങ്ങൾ ഉണ്ടാവുകയുള്ളൂ. ഇങ്ങനെയുള്ളവരെക്കുറിച്ച് അല്ലാഹുവിന്റെ കോടതിയിൽ അവർ നിരപരാധികളായി തെളിയിക്കപ്പെടുമെന്നോ വിധിയുണ്ടാകുമെന്നോ പ്രതീക്ഷിക്കുവാനുമില്ല. അവിടെ എല്ലാ കാര്യവും യാഥാർഥ്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് നടക്കുക. ഖബ്‌റുകളിൽവെച്ച് മാത്രമല്ല അതിനുമുമ്പുതന്നെ– മരണപ്പെടുന്ന അവസരത്തിലും, പിന്നീട് ഖബ്‌റുകളിൽനിന്ന് എഴുന്നേറ്റ് മഹ്ശറിലേക്ക് വരുമ്പോഴും, വിചാരണവേളയിലും, വിചാരണ കഴിഞ്ഞ് നരകത്തിലേക്ക് കൊണ്ടുപോകുമ്പോഴും– എല്ലാംതന്നെ വിവിധ തരത്തിലുള്ള കഷ്ടപ്പാടുകൾ കുറ്റവാളികൾ അനുഭവിക്കുന്നതാണെന്നും ക്വുർആന്റെ പല പ്രസ്താവനകളിലും കാണാവുന്നതാണ്. (8 : 50; 32 : 12; 55 : 41; 20 : 102; 37 : 24; 41 : 31; 27 : 89 മുതലായവ) എന്നിരിക്കെ ഖബ്‌റിലെ അനുഭവത്തെ സംബന്ധിച്ച് മാത്രം ഈ സംശയത്തിന് അവകാശമില്ല.

ഖബ്‌റിലെ ശിക്ഷാനുഭവങ്ങളെ നിഷേധിക്കുന്നവർക്ക് അതിനുള്ള പ്രധാന ന്യായം ഇതാണ്: ഖബ്‌റുകൾ തുറന്നുനോക്കിയാൽ അവിടെ ശിക്ഷകളോ മറ്റുവല്ലതുമോ നടക്കുന്ന ലക്ഷണമൊന്നും കാണുന്നില്ല. ജഡമാണെങ്കിൽ നശിച്ചുപോകുന്നു. ആത്മാവും എങ്ങോ പോയിക്കഴിഞ്ഞിരിക്കുന്നു. പിന്നീട് ശിക്ഷയും മറ്റും അനുഭവിക്കുവാൻ അവിടെ ആരാണുള്ളത്?! ആ ന്യായം കേൾക്കുമ്പോൾ ചില സാധാരണക്കാരും സംശയത്തിന് വിധേയരാകും. ബാഹ്യലോകവും യാഥാർഥ്യലോകവും തമ്മിലും, ഭൗതികലോകവും ആത്മീയലോകവും തമ്മിലും ഉള്ള വ്യത്യാസത്തെപ്പറ്റി അൽപമെങ്കിലും ആലോചിക്കുന്നപക്ഷം, യാതൊരു സംശയത്തിനും അവകാശമില്ല. മരണവേളയിൽ കുറ്റവാളികളുടെ അടുക്കൽ മലക്കുകൾ വന്ന് നിങ്ങളുടെ ആത്മാക്കളെ പുറത്താക്കുവിൻ എന്ന് പറയുമെന്നും, അവരുടെ മുഖത്തും, പിൻപുറത്തും അടിക്കുമെന്നും മറ്റും അല്ലാഹു പറയുന്നു. (6: 93; 8: 50 മുതലായവ നോക്കുക.) കുറ്റവാളികൾ തങ്ങളെ ഒന്നുകൂടി ഐഹികജീവിതത്തിലേക്ക് മടക്കിക്കൊടുക്കുവാൻ മരണവേള

***◀◀ അറിഞ്ഞോ അറിയാതെയോ–നമസ്കാരത്തിൽ ഈ ദുആ ചെയ്യുന്നതും, ചിലർ നമസ്കാരത്തിന്റെ രൂപം വിവരിക്കുന്ന കൂട്ടത്തിൽ ഈ ദുആയും ഉൾപ്പെടുത്തുന്നതും കാണുമ്പോൾ ആശ്ചര്യം തോന്നുന്നു.***

യിൽ അപേക്ഷിക്കുമെന്നും പറയുന്നു. (23 : 99 ഉം മറ്റും കാണുക) മരണം നമ്മുടെ മുന്നിൽ വെച്ച് തന്നെ സംഭവിക്കുകയും കുറെക്കാലം ആ ജഡം നാം കണ്ണുതെറ്റാതെ നോക്കിക്കൊണ്ടിരിക്കുകയും ചെയ്താലും ഇതെല്ലാം നമുക്ക് കാണുവാൻ കഴിയുമോ? ഖുർആനിൽ കേവലം ഉപമകളും അലങ്കാരപ്രയോഗങ്ങളുമാക്കിക്കൊണ്ട് ദുർവ്യാഖ്യാനം ചെയ്യാൻ ആരെങ്കിലും മുതിരുന്നപക്ഷം അയാൾ യഥാർത്ഥത്തിൽ ഖുർആനിൽ വിശ്വസിക്കുന്നില്ലെന്നേ പറയുവാനുള്ളൂ. ഖുർആനിൽ വിശ്വസിക്കാത്തവരെക്കുറിച്ച് ഇവിടെ നാം സംസാരിക്കുന്നുമില്ല.

ഖബ്റിലെ അനുഭവങ്ങളെക്കുറിച്ച് മാത്രമല്ല, നമ്മുടെ അനുമാനങ്ങൾക്കും ഈ ഐഹികലോകത്തെ സാധാരണ നടപടി ക്രമങ്ങൾക്കും എതിരായി ഖുർആനിലും, ഹദീഥിലും വന്നിട്ടുള്ള പല കാര്യങ്ങളെക്കുറിച്ചും വളരെ ഗഹനങ്ങളായ ചർച്ചകൾ നടത്തുകയും വിവരിക്കുകയും ചെയ്തിട്ടുള്ള രണ്ട് പണ്ഡിതവര്യൻമാരാണ് ഇമാം ഗസ്സാലി (റ)യും, അല്ലാമാ ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവിയും (റ). ഈ രണ്ട് മഹാൻമാരും കേവലം മതപണ്ഡിതൻമാർ മാത്രമല്ല, ദാർശനിക പ്രമുഖൻമാർ കൂടിയാണ്. ഇവരുടെ ചില പ്രസ്താവനകൾ ഇവിടെ ഉദ്ധരിക്കുന്നത്– ഖബ്റിലെ അനുഭവങ്ങളെക്കുറിച്ച് മാത്രമല്ല– അതുപോലെ നമുക്ക് യാഥാർത്ഥ്യം ഗ്രഹിക്കുവാൻ പ്രയാസമുള്ള മറ്റ് പലതിനെക്കുറിച്ചും മനസ്സിലാക്കുവാൻ വളരെ പ്രയോജനകരമായിരിക്കും.' ഇസ്‌ലാം ശരീഅത്തിന്റെ യുക്തിരഹസ്യങ്ങൾ' (اسرار الشريعة) എന്ന വിഷയത്തിൽ രചിക്കപ്പെട്ട ഒരു നിസ്തുല മഹൽ ഗ്രന്ഥമത്രെ ശാഹ് വലിയ്യുല്ലാഹിയുടെ 'ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ' (حُجَّة اللّٰه البَالِغَة) ഈ ഭൗതിക ലോകപ്രകൃതിക്കും, അതിലെ നടപടിക്രമങ്ങൾക്കും നിരക്കാത്ത പല യാഥാർത്ഥ്യങ്ങളും ഉൾക്കൊള്ളുന്ന ഒരു അഭൗതികലോകത്തെക്കുറിച്ച് ഖുർആനിലും, ഹദീഥിലും വന്നിട്ടുള്ള പല തെളിവുകളും, ഉദാഹരണങ്ങളും ചൂണ്ടിക്കാട്ടിക്കൊണ്ട് സംസാരിക്കുന്ന മദ്ധ്യേ അതിൽ അദ്ദേഹം ചെയ്തിട്ടുള്ള സ്വൽപം ദീർഘമായ ഒരു പ്രസ്താവനയുടെ ചുരുക്കം താഴെ ചേർക്കാം. ഈ വിഷയത്തിൽ ഇമാം ഗസ്സാലി (റ)യുടെ വാചകങ്ങളും അതിലദ്ദേഹം ഉദ്ധരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ രണ്ട് മഹാൻമാരുടെയും അഭിപ്രായം നമുക്ക് ഒന്നിച്ച് കാണുവാൻ സാധിക്കും.

മർയം (അ)ന്റെ അടുക്കൽ മനുഷ്യരൂപത്തിൽ മലക്ക് ചെന്നത്, ഖബ്റിൽവെച്ച് മലക്കുകൾ ചോദ്യം ചെയ്യുന്നത്, മരണപ്പെട്ടവർ അട്ടഹസിക്കുന്നത്, അവനെ പാമ്പ് കൊത്തുന്നത്, നബിﷺയുടെ അടുക്കൽ മലക്ക് വന്നുപോകുമ്പോൾ സ്വഹാബികൾക്ക് അത് കാണാൻ കഴിയാത്തത്, നബിﷺയുടെ 'ഇസ്റാഉ്' എന്ന രാവുയാത്രയിലെ ചില സംഭവങ്ങൾ, നമസ്കാരം, മുതലായ കർമങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ ചെല്ലുന്നത് എന്നിങ്ങനെ ഖുർആനിലും ഹദീഥിലും കാണപ്പെടുന്ന പലതിനെയും ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം പറയുകയാണ്:– 'ഇങ്ങനെയുള്ള വിഷയങ്ങളിൽ ചിന്തിച്ചുനോക്കുന്നവർ മൂന്നിൽ ഒരു തരക്കാരായിരിക്കും:

1) ഒന്നുകിൽ അവയുടെ ബാഹ്യമായ സ്വഭാവത്തിൽ തന്നെ നേർക്കുനേരെ സമ്മതിക്കുക. അപ്പോൾ, നാം മേൽപറഞ്ഞ തരത്തിലുള്ള ഒരു ലോകം ഉണ്ടെന്ന് സമ്മതിക്കേണ്ടിവരും. ഹദീഥ് പണ്ഡിതൻമാരുടെ ചട്ടം അതാണ്. ഇതിനെപ്പറ്റി സുയൂത്വി (റ) ഉണർത്തിയിട്ടുണ്ട്. ഇതാണ് ഞാൻ പറയുന്നതും, ഞാൻ അഭിപ്രായപ്പെടുന്നതും.

2) അല്ലെങ്കിൽ, വെളിയിൽ അവയ്ക്ക് യാഥാർത്ഥ്യമൊന്നും ഇല്ലെങ്കിലും അവ അനുഭവപ്പെടുന്നതിന്റെ അനുഭവത്തിലും കാഴ്ചയിലും അങ്ങനെ രൂപാന്തരപ്പെട്ട് കാണുക

യാണെന്ന് (*)വെക്കുക. يَوْمَ تَأْتِي السَّمَاء بِدُخَانٍ مُّبِينٍ (ആകാശം ഒരു വ്യക്തമായ പുകയും കൊണ്ടുവരുന്ന ദിവസം) എന്ന് അല്ലാഹു (സൂ: ദുഖാനിൽ) പ്രസ്താവിച്ചതിനെപ്പറ്റി ഇബ്നു മസ്ഊദ് (റ) പറയുന്നത് ഇതുപോലെയാണ്. അറബികൾക്ക് ഒരു ക്ഷാമം പിടി പെട്ടപ്പോൾ വിശപ്പ് നിമിത്തം ആകാശത്തേക്ക് നോക്കുമ്പോൾ അവർക്ക് പുക മൂടിയ തായി തോന്നിയിരുന്നുവെന്നാണ് അദ്ദേഹം പറയുന്നത്.

3) അതുമല്ലെങ്കിൽ, ചില വസ്തുക്കളെ മനസ്സിലാക്കിക്കൊടുക്കുവാൻ വേണ്ടി ഉപമാ രൂപത്തിൽ പറയപ്പെട്ടതാണ് അവ എന്ന് വെക്കുക. ഈ മൂന്നാമത്തെ നിലപാട് കൊണ്ട് തൃപ്തി അടയുന്നവരെ സത്യത്തിന്റെ പക്ഷക്കാരായി ഞാൻ വിചാരിക്കുന്നില്ല.' (**)

അദ്ദേഹം തുടരുന്നു: 'ഇമാംഗസ്സാലി (റ) ക്വബ്റിലെ ശിക്ഷയുടെ കാര്യത്തിൽ മേൽപ റഞ്ഞ മൂന്ന് നിലപാടുകളെ വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഇങ്ങനെയുള്ള ഹദീഥു കൾക്ക് ശരിയായ ബാഹ്യസാരങ്ങളും ഗൂഢമായ അന്തസാരങ്ങളും ഉണ്ട്. ഉൾക്കാഴ്ചയുള്ള വർക്ക് അവ വ്യക്തങ്ങളായിരിക്കും. അവയുടെ യാഥാർത്ഥ്യങ്ങൾ മനസ്സിലാകാത്തവർക്ക് അവ യുടെ ബാഹ്യസാരങ്ങളെ നിഷേധിക്കുവാൻ പാടില്ല. പക്ഷേ, സത്യവിശ്വാസത്തിന്റെ ഏറ്റവും കുറഞ്ഞ പടി അവ സമ്മതിക്കലും, സത്യമെന്ന് വിശ്വസിക്കലുമാകുന്നു. 'അവിശ്വാസിയായ മനുഷ്യനെ അവന്റെ ക്വബ്റിൽവെച്ച് നാം കുറേക്കാലം വീക്ഷിച്ചുകൊണ്ടിരുന്നാലും നാം ഒന്നും കാണുകയില്ലല്ലോ. എന്നിരിക്കെ, പിന്നെയെങ്ങനെയാണത് സത്യമെന്ന് വെക്കുക' എന്ന് വല്ലവരും പറഞ്ഞേക്കുന്നപക്ഷം, നീ അറിഞ്ഞുകൊള്ളുക: ഇത് സത്യമാണെന്ന് സ്വീകരിക്കുന്നതിൽ നിനക്ക് മൂന്ന് നിലപാടുകൾ ഉണ്ടായിരിക്കാവുന്നതാണ്:-

'ഒന്നാമത്തേത്- അതാണ് കൂടുതൽ വ്യക്തവും, ശരിയും, രക്ഷയുമായിട്ടുള്ളത്- അവ യെല്ലാം യഥാർത്ഥം തന്നെയാണെന്ന് നീ വിശ്വസിക്കുകയാകുന്നു. (ക്വബ്റിൽവെച്ച്) മരി ച്ചവനെ പാമ്പുകൊത്തുന്നു; പക്ഷേ ഈ കണ്ണ് അത് കാണാൻ പറ്റിയതല്ല; അതെല്ലാം അദൃശ്യ ലോകവുമായി ബന്ധപ്പെട്ടതാണ് എന്ന് വെക്കുക. ജിബ്രീൽ (അ) വന്നിരുന്നുവെ ന്നും, അദ്ദേഹത്തെ നബിﷺ കണ്ടിരുന്നുവെന്നും സ്വഹാബികൾ വിശ്വസിച്ചിരുന്നുവല്ലോ, അതിൽ നിനക്ക് വിശ്വാസമില്ലെങ്കിൽ, ആദ്യമായി നീ മലക്കുകളിലും വഹ്‌യിലും വിശ്വസിച്ചു കൊണ്ട് നിന്റെ ഈമാന്റെ മൗലികവശം ശരിപ്പെടുത്തുകയാണ് വേണ്ടത്. അതല്ല, നീയത് വിശ്വസിക്കുകയും, സമുദായത്തിന് കാണാൻ കഴിയാത്തത് നബിﷺക്ക് കാണാമെന്ന് വെക്കു കയാണ് ചെയ്യുന്നതെങ്കിൽ, എന്തുകൊണ്ട് മരിച്ചവരിലും അങ്ങനെ പാടില്ല?! മലക്കുകൾ മനുഷ്യരോടും, മറ്റ് ജീവികളോടും സാമ്യമില്ലാത്തതുപോലെത്തന്നെ, ക്വബ്റുകളിൽവെച്ച് മരിച്ചവരെ കടിക്കുന്ന പാമ്പും, തേളും ഈ ലോകത്തുള്ള പാമ്പും തേളുമായി സാമ്യമില്ല. അത് മറ്റൊരു വർഗത്തിൽപ്പെട്ടതും, (ഈ ബാഹ്യേന്ദ്രിയങ്ങളല്ലാത്ത) മറ്റൊരു ഗ്രഹണശ ക്തികൊണ്ട് അറിയേണ്ടതുമാകുന്നു.'

'രണ്ടാമത്തേത്, ഉറങ്ങുന്നവന്റെ സ്ഥിതി ഓർക്കുകയാണ്. സ്വപ്നത്തിൽ പാമ്പ് കടിക്കുന്ന തായി അവൻ കാണുന്നു. വേദനയനുഭവിക്കുന്നു. ചിലപ്പോൾ ഉറക്കെ ശബ്ദമുണ്ടാക്കുക യും, വിയർക്കുകയും, എഴുന്നേൽക്കുകയും ചെയ്യും. നീയാണെങ്കിൽ, അവൻ ശാന്തമായി ഉറ ങ്ങുന്നതായേ കാണുന്നുള്ളൂ. പാമ്പിനെയൊ മറ്റോ നീ കാണുന്നില്ല. എങ്കിലും ഉറങ്ങുന്ന

***(*) സ്വപ്നത്തിലും, രോഗംകൊണ്ടോ മറ്റോ ഉണ്ടാകുന്ന അബോധാവസ്ഥയിലും കാണുന്ന അനുഭവങ്ങൾ ഏതാണ്ട് ഈ തരത്തിൽപെട്ടതാണ്. കണ്ണാടി, സിനിമ, ടെലി വിഷൻ മുതലായവയിലെ ദൃശ്യങ്ങളും വേണമെങ്കിൽ ഉദാഹരണമായെടുക്കാം.***

***(**) ഈ മൂന്നിലും പെടാത്തവർ തനി നിഷേധികളുമായിരിക്കും.***

വൻ അത് കാണുകയും, വേദനയും ശിക്ഷയും അനുഭവിക്കുകയും ചെയ്യുന്നു. അപ്പോൾ കാഴ്ചയിലുള്ള പാമ്പും മായയിലുള്ള പാമ്പും തമ്മിൽ അവനെ സംബന്ധിച്ചിടത്തോളം വ്യത്യാസമില്ലല്ലോ.'

'മൂന്നാമത്തേത് ഇതാണ്: വാസ്തവത്തിൽ പാമ്പിന്റെ ദേഹമല്ല നിന്നെ ഉപദ്രവിക്കുന്നത്. അതിന്റെ വിഷവുമല്ല. വിഷംനിമിത്തം നിന്നിലുണ്ടാകുന്ന ചില മാറ്റങ്ങളാണ് നിനക്ക് ഉപദ്രവമായിത്തീരുന്നത്. അപ്പോൾ വിഷം തീണ്ടാതെത്തന്നെ അതേ മാറ്റങ്ങൾ നിനക്ക് അനുഭവപ്പെട്ടാലും പാമ്പിനെകൊണ്ടുണ്ടാകുന്ന ഉപദ്രവവും ശിക്ഷയും നിനക്ക് അനുഭവപ്പെടുമല്ലോ. ഇങ്ങനെയുള്ള ശിക്ഷകളെപ്പറ്റി പറയുമ്പോൾ, അതിന് സാധാരണ കാരണമാകാറുള്ള സംഗതികളോട് ബന്ധിപ്പിച്ച് പറഞ്ഞതല്ലാതെ അതിനെ നിർവ്വചിക്കുക സാധ്യമല്ല. ഒരു കാരണത്താൽ സിദ്ധിക്കാറുള്ള സുഖാനുഭവം ആ കാരണം സിദ്ധിച്ചാലും അതിനെ ആ കാരണത്തോട് ബന്ധപ്പെടുത്തിയേ പറയുവാൻ സാധിക്കുകയുള്ളൂ. കാരണമല്ല അവിടെ ഉദ്ദേശ്യം. അതുകൊണ്ട് സിദ്ധിക്കുന്ന ഫലമാണ്. ഇങ്ങനെയുള്ള ചില വിഷമാവസ്ഥകൾ മരണപ്പെട്ടവന് അനുഭവപ്പെടുകയും, പാമ്പ് കൂടാതെത്തന്നെ പാമ്പ് കടിക്കുന്നതുപോലെയുള്ള വേദന അവന് ഉണ്ടാക്കുകയും ചെയ്യുന്നു.' [ഉദ്ധരണി അവസാനിച്ചു]

ഇമാംഗസ്സാലി (റ) പാമ്പിനെപ്പറ്റി പറഞ്ഞത് ഒരു ഉദാഹരണം മാത്രമാകുന്നു. പാമ്പ് പോലെത്തന്നെ ഭയാനകമായ മറ്റ് പല വസ്തുക്കളെയും സ്വപ്നത്തിൽ കാണാറുള്ളത്. ഉറങ്ങുന്നവൻ, ഉണർച്ചയിൽ അവയെ കണ്ടാലുള്ളതുപോലെത്തന്നെ വിഷമിക്കുകയും ചെയ്യുന്നു. നേരെമറിച്ച് ആനന്ദകരമായ സ്വപ്നങ്ങളും, ഉറങ്ങുന്നവനിൽ അവ നിമിത്തം പ്രത്യക്ഷപ്പെടുന്ന ചില പ്രകടനങ്ങളും നമുക്ക് സുപരിചിതമാണല്ലോ. ഉറങ്ങിക്കിടക്കുമ്പോൾ പെട്ടെന്ന് പരിഭ്രമത്തോടെ എഴുന്നേറ്റ് തലയണയോ, കയ്യിൽകിട്ടിയ മറ്റ് സാധനമോ എടുത്ത് 'പാമ്പ്! പാമ്പ്!' എന്ന് ഉച്ചത്തിൽ ശബ്ദിച്ചുകൊണ്ട് അവിടവിടെ അടിക്കുകയും, പിന്നീട് പാമ്പിനെ അടിച്ചുകൊന്നുവെന്ന ഭാവേന വീണ്ടും പോയി കിടക്കുകയും ചെയ്തിരുന്ന ഒരു സ്നേഹിതനെ നമുക്ക് നേരിൽ പരിചയമുണ്ട്. ഉറക്കത്തിലല്ലാതെത്തന്നെ, ഏതെങ്കിലും ചില രോഗങ്ങൾ കാരണമായി ചിലർക്ക് ആശ്ചര്യകരമോ, സന്തോഷകരമോ ആയ ചില അനുഭവങ്ങളെക്കുറിച്ച് ഓർമയുള്ളവരും ഇല്ലാത്തവരും ഉണ്ടാകാറുണ്ട്. നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾക്കതീതമായി എന്തൊക്കെയോ ചില യാഥാർത്ഥ്യങ്ങൾ നടമാടിക്കൊണ്ടിരിക്കുന്നുവെന്നും, നമ്മുടെ അറിവിനപ്പുറം പലതും സംഭവിക്കാൻ സാധ്യതയുണ്ടെന്നും ഇതിൽ നിന്നൊക്കെ സത്യാന്വേഷികൾക്ക് മനസ്സിലാക്കാം. എന്നല്ലാതെ, തർക്ക ശാസ്ത്രത്തിന്റെയോ, ഭൗതിക ശാസ്ത്രങ്ങളുടെയോ അടിസ്ഥാനത്തിൽ നിർവ്വചിക്കപ്പെടാവുന്നതല്ല ഇത്തരം സംഗതികൾ.

എനി, ഖബ്റിലെ അനുഭവങ്ങളെ നിഷേധിക്കുന്നവൻ, തങ്ങൾക്കനുകൂലമായി ഖുർആനിൽനിന്ന് ചൂണ്ടിക്കാട്ടാറുള്ള ഒന്നുരണ്ട് തെളിവുകളെക്കുറിച്ചാണ് രണ്ട് വാക്ക് പറയുവാനുള്ളത്. രണ്ടും പരലോകത്തുവെച്ച് അവിശ്വാസികൾ പറയുന്ന ചില വാക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ്താനും.

1) സൂ: യാസീനിലെ 52-ാം വചനത്തിൽ, പുനരുത്ഥാനസമയത്ത് അവിശ്വാസികൾ പറയുന്നതായി അല്ലാഹു ഉദ്ധരിച്ച വാക്യമാണ് يَاوَيْلَنَا مَنْ بَعَثَنَا مِن مَّرْقَدِنَا (ഞങ്ങളുടെ നാശമേ! ആരാണ് ഞങ്ങൾ ഉറങ്ങുന്നിടത്തുനിന്ന് ഞങ്ങളെ എഴുന്നേൽപിച്ചത്?!) എന്നത്രെ അത്. മരണപ്പെട്ടവർ പുനരുത്ഥാനദിവസംവരെ സുഖമോ ദുഃഖമോ ഒന്നും അറിയാതെ ഉറങ്ങിക്കിടക്കുകയായിരിക്കുമെന്നും, അതിനാൽ ഖബ്റുകളിൽ 'തല്ലും കുത്തും' (ശി

ക്ഷാനുഭവങ്ങൾ) ഉണ്ടാകുമെന്ന് പറയുന്നത് ശരിയല്ലെന്നും അവർ പരിഹാസപൂർവ്വം പറയാറുണ്ട്. മേലുദ്ധരിച്ചതുപോലുള്ള ക്വുർആൻ വചനങ്ങളുടെനേരെ മൗനം അവലംബിക്കുകയും, ഹദീഥുകളെ അവഗണിച്ച് പുറംതള്ളുകയുമാണവർ ചെയ്യുന്നത്. യഥാർത്ഥത്തിൽ അവർ ഉറക്കിലായിരുന്നാൽപോലും, പാപികൾക്ക് 'തല്ലും കുത്തും' മറ്റ് പലതും അനുഭവപ്പെടാമെന്നും, സൽക്കർമികളായുള്ളവർക്ക് സുഖകരമായ അനുഭവങ്ങളും ഉണ്ടാകുമെന്നും മേൽവിവരിച്ചതിൽ നിന്ന് വ്യക്തമായല്ലോ. വാസ്തവത്തിൽ മരണത്തോടുകൂടി ഈ ലോകവുമായുള്ള ബന്ധം മുറിഞ്ഞുപോകുകയും, അതിൽനിന്ന് വ്യത്യസ്തമായതും, ഇവിടെ നടപ്പില്ലാത്ത പലതും നടക്കുന്ന ഒരു ലോകമാണത്. 'ഞങ്ങൾ ഉറങ്ങുന്നിടം' مَرْقَدِنَا എന്ന് അവിശ്വാസികൾ പറയുവാനുള്ള കാരണവും, ആ വാക്കിന്റെ ശരിയായ ഉദ്ദേശ്യവും നാം യഥാസ്ഥാനത്തുവെച്ച് വിവരിച്ചിട്ടുണ്ട്. ഇവിടെ അത് ആവർത്തിക്കുന്നില്ല.

2) പുനരുത്ഥാനദിവസത്തിലെ അത്യധികമായ ഭയവും, പരിഭ്രമവും നിമിത്തം അതിനുമുമ്പ് തങ്ങൾ ഏറെക്കാലം കഴിഞ്ഞുകൂടിയിട്ടുണ്ടെന്ന് അവിശ്വാസികൾക്ക് പറയുവാൻ സാധിക്കുകയില്ലെന്ന് കാണിക്കുന്ന ആയത്തുകളാണ്. (സൂ: മുഅ്മിനൂൻ 112, 113 പോലെയുള്ള ആയത്തുകൾ.) അവർക്ക് അതറിയാതിരിക്കാൻ കാരണം അവർ മരണം മുതൽ അതുവരെ ഉറങ്ങിക്കിടക്കുകയായിരുന്നതുകൊണ്ടാണെന്ന് ഇവർ പറയുന്നു. ഇവരുടെ ഈ വാദം തീരെ വാസ്തവവിരുദ്ധമാണെന്നും, ആ ആയത്തുകളുടെ യഥാർത്ഥത്തിലുള്ള ഉദ്ദേശ്യം എന്താണെന്നും സൂ: മുഅ്മിനൂനിന് ശേഷമുള്ള രണ്ടാം വ്യാഖ്യാനക്കുറിപ്പിലും നാം കാര്യകാരണസഹിതം വിവരിച്ചിരിക്കുന്നു. അതുകൊണ്ട് ഇവിടെ അതിനെപ്പറ്റിയും കൂടുതലൊന്നും പറയേണ്ടതില്ല. നബിﷺ നമസ്കാരങ്ങളിൽ ദുആ ചെയ്യാറുണ്ടായിരുന്നതുപോലെ– നമ്മോടും അങ്ങനെ ചെയ്യാൻ അവിടുന്ന് ഉപദേശിച്ചിട്ടുമുണ്ട്– നാമും ദുആ ചെയ്യുക:

اللّهم انى اعوذ بك من عذاب القبر ومن عذاب النار ومن فتنة المحيا والمماتومن فتنة المسيح الدجال (അല്ലാഹുവേ, ഖബ്റിലെ ശിക്ഷയിൽ നിന്നും, നരകത്തിന്റെ ശിക്ഷയിൽനിന്നും, ജീവിതത്തിലെയും മരണത്തിലെയും കുഴപ്പത്തിൽനിന്നും കള്ളവാദിയും സഞ്ചാരിയുമായ ദജ്ജാലിന്റെ കുഴപ്പത്തിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.